# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

# ആമുഖം

പൊതുവിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സമഗ്ര ഗുണമേന്മ പദ്ധതി. ഓരോ ക്ലാസ്സിലും കുട്ടികൾ ആർജ്ജിക്കേണ്ട ശേഷികൾ അതാത് ക്ലാസ്സിൽ തന്നെ നേടി എന്ന് ഉറപ്പുവരുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ ലക്ഷ്യത്തിൽ എത്തിച്ചേരാൻ തയ്യാറാക്കി പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഈ കൈത്താങ്ങിനെ മുന്നിൽ ഞാൻ അഭിമാനപൂർവ്വം സമർപ്പിക്കുന്നു.

ഹെഡ്മിസ്ട്രസ്

രഞ്ജു. എസ്

പി.ടി.എ പ്രസിഡന്റ്

നിധിൻ. എസ്. ചരൺ

# ജി ഡബ്ല്യു. എൽ. പി. എസ്. , ചിറ്റാക്കോട്

1956-ൽ മാനേജ്മെന്റ് സ്കൂളായി പ്രവർ-ത്തനമാരംഭിച്ചു.

ചിറ്റാക്കോട് പ്രദേശത്തെ പട്ടികജാതിക്കാരായ ജനവിഭാ-ഗങ്ങളുടെ ഉന്നമനത്തിനായി സ്ഥാപിതമായിരുന്നു. ഈ വിദ്യാലയം സമൂഹത്തിൽ വിദ്യാഭ്യാസപരമായും സാമ്പത്തിക പരമായും ഏറെ പിന്നിലായിരുന്ന ജനങ്ങളായിരുന്നു ഈ പ്രദേശത്ത് തിങ്ങിപ്പാർത്തിരുന്നത്. അതുകൊണ്ട് തന്നെ ഇവിടെ എത്തിയിരുന്ന കുട്ടികളിൽ ഏറിയപക്കം സാമ്പ-ത്തിക പിന്നോക്കാവസ്ഥ അനുഭവിക്കുന്നവരായിരുന്നു. ഇത്തര-ത്തിലുള്ള ഈ പ്രദേശത്തെ ജനങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തിയതിൽ പ്രധാന പങ്ക് ഈ വിദ്യാലയത്തിനുണ്ട്.

സ്കൂളിന്റെ പ്രവർത്തനമാരംഭിച്ചത് ഒരു ഓല-ഷെഡിലായിരുന്നു. എങ്കിലും ഓരോ ഡിവിഷനിലും അൻപതി ലധികം കുട്ടികൾ പഠിച്ചിരുന്നു. മാനേജ്മെന്റ് സാമ്പത്തിക പ്രതിസന്ധി നേരിട്ട സാഹചര്യത്തിൽ, സ്കൂൾ സർക്കാർ ഏറ്റെടുത്തു. അങ്ങനെ പുതിയ കെട്ടിടമായി സൗകര്യങ്ങൾ ഒന്നൊന്നായി കൂടി വന്നു. നിർഭാഗ്യവശാൽ കഴിഞ്ഞ 10 വർ-ഷമായി കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായി. ഇതിന് പ്രധാന കാരണം അൺഎയ്ഡഡ് മേഖലയുടെ വളർച്ച തന്നെയായിരുന്നു. സമൂഹത്തിന്റെ ഇംഗ്ലീഷ് മീഡിയത്തോടുള്ള അന്ധമായ താല്പര്യവും നമ്മുടെ വിദ്യാലയത്തിലേക്കുള്ള വാഹനസൗകര്യത്തിന്റെ കുറവും കുട്ടികളുടെ എണ്ണം കുറയുന്നതിന് ഒരു പ്രധാന കാരണമായി മാറി.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ജി. ഡബ്ലിയു. എൽ.പി.എസ് ചിറ്റാകോട് |
| മേൽവിലാസം | : | മാറനാട് പി.ഒ, കൊല്ലം പിൻ. 691505 |
| ഫോൺ | : | 248306 |
| സ്കൂൾ കോഡ് | : | 39220 |
| വിദ്യാഭ്യാസ ഉപജില്ല | : | കൊട്ടാരക്കര |
| വിദ്യാഭ്യാസ ജില്ല | : | കൊല്ലം |
| റവന്യൂ ജില്ല | : | കൊല്ലം |
| ബി. ആർ. സി | : | കൊട്ടാരക്കര |
| സി. ആർ. സി | : | എഴുകോൺ |
| ഗ്രാമപഞ്ചായത്ത് | : | എഴുകോൺ |
| ബ്ലോക്ക് പഞ്ചായത്ത് | : | കൊട്ടാരക്കര |
| ജില്ലാ പഞ്ചായത്ത് | : | കൊല്ലം |
| നിയമസഭാമണ്ഡലം | : | കൊട്ടാരക്കര |
| ലോകസഭാമണ്ഡലം | : | മാവേലിക്കര |
| താലൂക്ക് | : | കൊട്ടാരക്കര |
| വില്ലേജ് | : | എഴുകോൺ |
| ഇ-മെയിൽ വിലാസം | : | wlps.chittacode@gmail.com |
| സ്കൂൾ വിക്കി | : | |

# പൊതുലക്ഷ്യങ്ങൾ

1. വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി നേടൽ
2. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക
3. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും
4. ഇംഗ്ലീഷ് ഭാഷാ പഠനം വളർത്തി (Communicative English) എല്ലാ കുട്ടികളേയും ഇംഗ്ലീഷ് പഠനത്തിൽ താൽപര്യമുള്ളവരാക്കുക.
5. വായനാശീലം വളർത്തുക
6. കലാകായിക മേഖലകളിൽ പങ്കാളികളാക്കുക
7. ഐ ടി പരിശീലനം നേടുക
8. പച്ചക്കറിത്തോട്ട നിർമ്മാണം
9. ക്ലാസ് പി ടി എ കൾ സജീവമാക്കുക
10. പഠനയാത്രകൾ സംഘടിപ്പിക്കുക
11. ജൈവവൈവിധ്യകലവറയായി വിദ്യാലയത്തെ മാറ്റുക
12. ഹരിതസേന രൂപീകരിക്കൽ
13. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക
14. ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ് മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ

# വിദ്യാലയം മികവിന്റെ കേന്ദ്രം

ഈ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനായി പടിപടിയായി ചെയ്യാൻ ഉദ്ദേശിക്കുന്നതും അത്യാവശ്യവുമായ കാര്യങ്ങൾ.

SMC, SRG, MPTA, FS ന്റെയും അഭിപ്രായ സമന്വയത്തിലൂടെ ലിസ്റ്റ് ചെയ്ത് ക്രോഡീകരിച്ച് മാസ്റ്റർപ്ലാനിൽ ചേർക്കാൻ തീരുമാനിച്ചു. അവ താഴെ ചേർക്കുന്നു.

സാധ്യതകൾ.

· കായികവിദ്യാഭ്യാസം മെച്ചപ്പെടുത്താനും കൃഷിയോടുള്ള അഭിമുഖ്യം വർധിപ്പിക്കുന്നതിനും പ്രത്യേക പ്രവർത്തനങ്ങൾ നടത്താൻ തീരുമാനമെടുത്തിട്ടുണ്ട്.

· എല്ലാ മാസവും PTA യോഗം വിളിക്കുകയും കുട്ടികളുടെ പഠനനിലവാരവും മറ്റ് വികസനപ്രവർത്തനങ്ങളും ചർച്ചചെയ്ത് പരിഹാരം കാണാം എന്ന് പ്രത്യാശിക്കുന്നു.

· രണ്ടാഴ്ചയിലൊരിക്കൽ SRG യോഗം കൂടി പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും കുട്ടികളുടെ പഠനനിലവാരവും മറ്റ് കാര്യങ്ങളും ചർച്ച ചെയ്യുകയും വേണമെന്ന് തീരുമാനിച്ചിട്ടുണ്ട്.

· വാതിൽപുറപഠനം മെച്ചപ്പെടുത്തുന്നതിന് ഫീൽഡ് ട്രിപ്പുകൾ, പഠനയാത്രകൾ എന്നിവ രക്ഷിതാക്കളുടെ സഹായത്തോടെ വിപുലമായ രീതിയിൽ നടത്താൻ ആഗ്രഹിക്കുന്നു.

· കുട്ടികളുടെ ഭവനസന്ദർശനം നടത്തി അവരുടെ സാമൂഹിക ചുറ്റുപാടുകൾ മനസ്സിലാക്കാൻ ശ്രമിക്കും.

- ലൈബ്രറി സൗകര്യം ഉറപ്പാക്കുക.
- കുട്ടികൾക്ക് പ്രഭാതഭക്ഷണം ഏർപ്പെടുത്തുക
- മാലിന്യസംസ്കരണ പ്ലാന്റ്
- ബയോഗ്യാസ് പ്ലാന്റ്
- സ്കൂൾ പെയിന്റിംഗ്.
- ആകർഷകമായ കെട്ടിട സൗകര്യങ്ങൾ

## പദ്ധതി രൂപീകരണ പ്രക്രിയ.

Master plan തയ്യാറാക്കുന്നതിനായി വരുന്ന 10 വർഷത്തിനുള്ളിൽ നമ്മുടെ സ്കൂൾ എന്തായിരിക്കണം, എന്തെല്ലാം മാറ്റങ്ങൾ വിദ്യാലയത്തിനുണ്ടാകണം, മെച്ചപ്പെട്ട ഓരോ സൗകര്യവും പ്ലാൻ ചെയ്യുമ്പോൾ ഇതിനുവേണ്ട ഫണ്ട് കണ്ടെത്തേണ്ട മാർഗ്ഗം എന്നിവ SMC-യിൽ ചർച്ച ചെയ്തു. സാമ്പത്തിക ലക്ഷ്യത്തിനനുസരിച്ച് മുൻഗണനാക്രമത്തിൽ ഓരോ കാര്യങ്ങൾ ചെയ്യാം എന്ന് SMC യിൽ ചർച്ച ചെയ്തു തീരുമാനിച്ചു. കഴിഞ്ഞവർഷം പഞ്ചായത്തിന്റെ സഹായത്തോടെ നടത്തിയതും ഈ വർഷവും ചെയ്യാൻ തുടങ്ങുന്നതുമായ വർക്കുകൾ മെമ്പർ SMC യോഗത്തിൽ വിവരിക്കുകയുണ്ടായി.

അക്കാദമിക നിലവാരം ഉയർത്തുന്നതിനായി സ്കൂൾ പ്രവർത്തനങ്ങൾക്ക് പുറമേ "Hallow English, മലയാളത്തിളക്കം, ശ്രദ്ധ" തുടങ്ങിയ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തി വരുന്നു. കൃത്യമായ വിലയിരുത്തലും പഠനത്തെളിവ് സൂക്ഷിക്കലും കൃത്യമായി നടത്തുന്നു. ഇത്തരം പ്രവർത്തനങ്ങൾ PTA-യിൽ ചർച്ച ചെയ്യുകയും രക്ഷിതാക്കൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും അവരുടെ അഭിപ്രായങ്ങൾ പറയാൻ അവസരം നൽകുകയും ചെയ്യുന്നു.

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക
3. സർഗ്ഗാത്മ രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക
4. മികച്ച വായനാശീലം വളർത്തുക
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക
2. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക
3. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക
4. ക്ലാസ്സ് തല വായന മൂല സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.
5. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടിന് സചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.

## പരിസര പഠനം

1. ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക.
ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം ഇവ
വികസിപ്പിക്കുക.

2. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജ-
മാക്കുക.

3. ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ കുട്ടികൾക്ക്
പ്രയോജനപ്പെടുത്തുക.

4. ആധുനിക ശാസ്ത്രസാങ്കേതികവിദ്യാ സാധ്യതകൾ
ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## ഗണിതവും സാമൂഹികാവബോധവും

1. ജനാധിപത്യ വേദികൾ ഒരുക്കുക.
ഉത്തരവാദിത്വം തിരിച്ചറിഞ്ഞ്
2. തങ്ങളുടെ പ്രാപ്തരാക്കുക.
പ്രവർത്തിക്കുന്നതിന് ബോധവൽക്കരണ പരിപാടി
3. ദിനാചരണങ്ങൾ, ഇവ സംഘടിപ്പിക്കുക
കൾ, ചർച്ചകൾ, സംവാദങ്ങൾ വിശകലനശേഷി
4. ഗണിതചിന്ത, യുക്തിചിന്ത,
വളർത്തുക.
ഇവ എല്ലാ കുട്ടികളിലും എല്ലാ കുട്ടികൾക്കും
5. അടിസ്ഥാന ഗണിത ക്രിയകൾ ഉറപ്പാക്കുക.
ജീവിതവുമായി ബന്ധപ്പെടുത്തുക.
6. ഗണിതത്തെ പ്രയോജനപ്പെടുത്തുക
സാധ്യതകൾ ഫലപ്രദമായി

## ഐ. സി. ടി

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി
പ്രയോജനപ്പെടുത്തുക.
പ്രക്രിയയിൽ ഐ. സി. ടിയുടെ
2. അറിവ് നിർമാണ ഉപയോഗപ്പെടുത്തുക.
അനന്ത സാധ്യതകൾ ഉപയോഗിക്കാനുള്ള
3. കുട്ടികൾക്ക് കമ്പ്യൂട്ടറുകൾ ഒരുക്കുക.
സാഹചര്യം

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക
2. പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, പ്രയോജനപ്രദമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി /പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക
2. കലാഭിരുചി വളർത്തുക
3. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. ആരോഗ്യ ശീലങ്ങൾ വളർത്തുക
2. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക
3. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.

# പഠന പിന്നോക്കാവസ്ഥ

## • പുസ്തകം എന്റെ ചങ്ങാതി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്വന്തം വിലയിരുത്തൽ |
|---|---|---|---|---|
| കുട്ടികളിൽ വായനാശീലം വർദ്ധിപ്പിക്കൽ | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടാനായി പ്രദർശിപ്പിക്കുന്നു ലഘുവിവരണം പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | അധ്യാപകർ | |

## • അക്ഷരക്കൂട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്വന്തം വിലയിരുത്തൽ |
|---|---|---|---|---|
| വായനാശീലം വളർത്തുക | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ക്ലാസ്മുറികളിൽ വായനാ കോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |

## • ഇംഗ്ലീഷ് അസംബ്ലി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്വന്തം വിലയിരുത്തൽ |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരുദിവസം | അധ്യാപകർ ഇംഗ്ലീഷ് ക്ലബ്ബ് | |

## • അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | സ്വന്തം വിലയിരുത്തൽ |
|---|---|---|---|
| കുട്ടികളുടെ ഭാഷാവിഷയങ്ങളിൽ പ്രാവീണ്യം നേടൽ | ഭിന്നനിലവാരക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ അധ്യാപകരുടെ നേതൃത്വത്തിൽ തയ്യാറാക്കുക. | എസ്. ആർ. ജി | |

## • ഗണിത വർക്ക്ഷീറ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പാഠ്യപദ്ധതിയിലെ പഠനനേട്ടങ്ങൾ കുട്ടികളിലെത്തിക്കുക | എല്ലാ ക്ലാസ് യൂണിറ്റിലെയും പഠനനേട്ടങ്ങൾ വെളിപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിലും | അധ്യാപകർ |

പ്രവർത്തനം

പേര് : പ്രവൃത്തി പരിചയശില്പശാല

ഉപമേഖല: നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാകുന്ന നിർമ്മാണം | മാസത്തിൽ | അധ്യാപകർ | - |

പേര് : ശാസ്ത്ര പഠനോപകരണ ശില്പശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ ശില്പശാലകൾ | ഓരോ ടേമിലും | അധ്യാപകർ | - |

## പ്രതീക്ഷിത നേട്ടങ്ങൾ

മുകളിൽ സൂചിപ്പിച്ച ലക്ഷ്യങ്ങൾ മുന്നിൽ കണ്ട് അതിനനുസൃതമായ പ്രവർത്തനം പാക്കേജുകളിലൂടെ ആസൂത്രിതമായ അധ്യയനത്തിൽ നിന്ന് കുട്ടികളുടെ നിലവാരം എല്ലാ മേഖലകളിലും ഉന്നത നിലവാരം പുലർത്തുന്നതാകയാൽ നമ്മുടെ വിദ്യാലയത്തിൽ വരും വർഷങ്ങളിൽ കുട്ടികളുടെ എണ്ണത്തിൽ വർധനവുണ്ടാകുന്നു. ഇതുമൂലം കുട്ടികളുടെ പങ്കാളിത്തം എല്ലാ മേഖലകളിലും സജീവമാക്കി കൊണ്ട് സമൂഹത്തെ സ്കൂളുമായി കൂടുതൽ ബന്ധിപ്പിക്കാൻ കഴിയുന്നു. സമൂഹ പങ്കാളിത്തത്തോട് കൂടി വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ കൂടുതൽ കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കും.

## മോണിറ്ററിംഗ്

വിദ്യാലയ വികസന പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായും കൃത്യമായും നടക്കേണ്ടതെന്നും നടന്ന പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി എത്രമാത്രമെന്നും ആവശ്യമായ മാറ്റങ്ങൾ എന്തൊക്കെയാണെന്നും കണ്ടെത്തേണ്ടതുണ്ട്. വിദ്യാലയ പ്രവർത്തന പദ്ധതിയിൽ ആവശ്യമായ മാറ്റങ്ങൾ അപ്പപ്പോൾ നടപ്പിൽ വരുത്തേണ്ടതുണ്ട്. മോണിറ്ററിംഗ് ടൂളുകൾ വികസിപ്പിച്ചും വികസിപ്പിച്ച ടൂളുകളിൽ വേണ്ട മാറ്റങ്ങൾ വരുത്തി ഉപയോഗിച്ചും വിദ്യാലയ വികസന പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ കുറ്റമറ്റതും കാര്യക്ഷമമാക്കുന്നതിനും വേണ്ടി അനിവാര്യമായ മാറ്റങ്ങളും തൽസമയം വിദ്യാലയ പിന്തുണയുമാണ് മോണിറ്ററിംഗ് ഏജൻസികൾ നൽകേണ്ടത്.

# ഉപസംഹാരം

വിദ്യാലയ വികസന പദ്ധതി ലക്ഷ്യമാക്കി കൊണ്ടുള്ള പ്രവർത്തനപദ്ധതി പ്രഥമാധ്യാപികയുടെ നേതൃത്വത്തിൽ SMC, SRG ഇവയുടെ കൂട്ടായ പ്രവർത്തനത്തിലൂടെ രൂപീകരിച്ചു. ആസൂത്രണം ചെയ്ത രീതിയിൽ വിദ്യാലയ വികസന പദ്ധതി നടപ്പിലാക്കി വിദ്യാലയത്തെ മികവിലേക്കെത്തിക്കാൻ കഴിയുമെന്ന് പൂർണ്ണമായി വിശ്വസിച്ചു കൊണ്ട് പ്രവർത്തന പദ്ധതി ഉപസംഹരിക്കുന്നു.